"ഭരണഭാഷ - മാതൃഭാഷ"

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്

(1956 ലെ ഇൻഡ്യൻ കമ്പനീസ് ആക്ട് പ്രകാരം രൂപീകൃതം) CIN:U40100KL2011SGC027424

രജി. ഓഫീസ്: വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം , വെബ്സൈറ്റ്: www.kseb.in

ഫോൺ (ഓഫീസ്): 0471 2514554 ഫാക്സ്: 0471 2440455 ഇമെയിൽ : safety@kseb.in

സംഗ്രഹം

" എല്ലാവർക്കും സുരക്ഷിതമായ വൈദ്യുതി എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനായി പൊതുജന ബോധവൽക്കരണ പരിപാടി സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി സംയുക്തമായി സംഘടിപ്പിക്കുന്നതു സംബന്ധിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

കോർപ്പറേറ്റ് ഓഫിസ് (എസ് ബി യു - ഡി)

ബോ. ഉ (സി.എം.ഡി) നം : 1107/ 2018 (സി.എസ്.സി/സേഫ്റ്റി/ 2018) തിരുവനന്തപുരം തീയതി : 27.04.2018.

പരാമർശം:- ചീഫ് സേഫ്റ്റി കമ്മീഷണറുടെ 22.03.2018 -ലെ കുറിപ്പ്

"എല്ലാവർക്കും സുരക്ഷിതമായ വൈദ്യുതി' എന്ന ലക്ഷ്യ സാക്ഷാത്കാരത്തിനായി അപകടരഹിതമായി വൈദ്യുതി ജനങ്ങൾക്ക് നൽകാനും അത് സുരക്ഷിതമായി ഉപയോഗിക്കാനുമായി വിപുലമായ പൊതുജനബോധവൽക്കരണ പരിപാടി സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി സംയുക്തമായി സംഘടിപ്പിക്കുവാൻ 18.04.2018-ൽ ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടർ വിവിധ വകുപ്പുകളുമായി മീറ്റിംഗ് നടത്തുകയും താഴെപ്പറയുന്ന പരിപാടികൾ തീരുമാനിക്കുകയും ചെയ്തു.

- സംസ്ഥാനത്തൊട്ടാകെ ജനശ്രദ്ധ ആകർഷിക്കുന്ന നിലയിൽ സൈക്കിൾ റാലി സംഘടിപ്പിക്കുക.
- സൈക്കിൾ റാലിയോടൊപ്പം പൊതുജനശ്രദ്ധയാകർഷിക്കുന്ന നിലയിൽ എൽ ഇ ഡി സ്ക്രീൻ വാഹനത്തിൽ സ്ഥാപിച്ച് ഹ്രസ്വ ചിത്രം പ്രദർശിപ്പിക്കുന്ന എക്സിബിഷൻ സംഘടിപ്പിക്കുക.
- സൈക്കിൾ റാലി കടന്നു പോകുന്ന സ്ഥലങ്ങളിൽ പൊതുയോഗങ്ങൾ സംഘടിപ്പിക്കുക.
- സൈക്കിൾ റാലിയോടൊപ്പം ലഘുലേഖകൾ വിതരണം ചെയ്യുക.

19.4.2018-നു ചീഫ് സേഫ്റ്റി കമ്മീഷണറുടെ അദ്ധ്യക്ഷതയിൽ ANERT, EMC, ഇല: ഇൻസ്പക്ടറേറ്റ് എന്നിവരുടെ യോഗം ചേരുകയും മുകളിൽ സൂചിപ്പിച്ച വിവിധപരിപാടികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് താഴെ പറയുന്ന കാര്യങ്ങൾ തീരുമാനിച്ചു.

- സൈക്കിൾ റാലിക്കുള്ള ആൾക്കാരെ കെ എസ് ഇ ബി തയ്യാറാക്കണം.
- സൈക്കിൾ റാലിയിൽ പങ്കെടുക്കുന്നവർക്കുള്ള യൂണിഫോം (ട്രാക് സൂട്ട്, ബൂട്ട്, കൈയ്യുറ, റ്റീ ഷർട്ട് തുടങ്ങിയവ) ഇല: ഇൻസ്പെക്ടറേറ്റ് തയ്യാറാക്കണം.
- സൈക്കിൾ റാലിക്ക് ആവശ്യമായ സൈക്കിളുകളും സുരക്ഷ ഹെൽമെറ്റും EMC തയ്യാറാക്കണം.
- സൈക്കിൾ റാലിയിലെ അംഗങ്ങളുടെ താമസ്സം, ഭക്ഷണം, അലങ്കരിച്ച പൈലറ്റ് വാഹനം, മൈക്ക് സെറ്റും ജനറേറ്ററും ഓപ്പറേറ്ററും തുടങ്ങിയവ കെ എസ് ഇ ബി തയ്യാറാക്കണം.

"ഭരണഭാഷ - മാതൃഭാഷ"

- സൈക്കിൾ റാലിയോടൊപ്പം അനുഗമിക്കുന്ന എൽ ഇ ഡി സ്ക്രീൻ എക്സിബിഷൻ 15 ദിവസത്തേക്ക് വാടകക്ക് എടുക്കുകയും കെ എസ് ഇ ബി, ANERT, ഇല: ഇൻസ്പെക്ടറേറ്റ് എന്നീ മൂന്ന് സ്ഥാപനങ്ങളും അഞ്ച് ദിവസം വീതമുള്ള ചെലവ് വഹിക്കുകയും വേണം.

മേൽ സാഹചര്യത്തിൽ കെ എസ് ഇ ബിയിലെ ആറു ജീവനക്കാരടക്കം 11 ആൾക്കാർ 15 ദിവസം നീണ്ടുനിൽക്കുന്ന സൈക്കിൾ റാലിയിൽ പങ്കെടുക്കാൻ തയ്യാറായിട്ടുണ്ട്. സൈക്കിൾ റാലിക്ക് വേണ്ടുന്ന സൈക്കിളുകളുടെ വാടക ഇ. എം. സി വഹിക്കാമെന്നും, സൈക്കിളിസ്റ്റുകൾക്കാവശ്യമായ യൂണിഫോം, ലഘുലേഖകൾ എന്നിവ ഇല: ഇൻസ്പെക്ടറേറ്റ് നൽകാനും, സൈക്കിൾ റാലിയോടൊപ്പം നടത്തുന്ന എക്സിബിഷനുള്ള ചെലവ് ANERT , ഇല: ഇൻസ്പെക്ടറേറ്റ്, കെ എസ് ഇ ബി എന്നീ സ്ഥാപനങ്ങൾ സംയുക്തമായി വഹിക്കാമെന്നും ധാരണയായിട്ടുണ്ട്. എൽ ഇ ഡി സ്ക്രീനിൽ കാണിക്കാനുള്ള ഹ്രസ്വ ചിത്രം കെ എസ് ഇ ബി യുടെ പി ആർ ഒ യും ഇല: ഇൻസ്പെക്ടറേറ്റും നൽകും. പതിനഞ്ച് ദിവസം സൈക്കിൾ റാലിക്ക് പൈലറ്റായി പോകാനുള്ള ബൊലേറോ ജീപ്പ് കെ എസ് ഇ ബി വെഹിക്കിൾ മോണിറ്ററിംഗ് സെൽ നൽകണം. സൈക്കിൾ റാലിക്ക് പങ്കെടുക്കുന്നവരുടെ താമസ്സം കെ എസ് ഇ ബി യുടെ ഐ ബി കൾ ഉപയോഗിക്കുകയും ഐ ബി കൾ ലഭ്യമല്ലാത്ത സ്ഥലങ്ങളിൽ താമസ്സ സൗകര്യം ഒരുക്കാവുന്നതുമാണ്.

സൈക്കിൾ റാലി കടന്നു പോകുന്ന ജില്ലകളിൽ റാലിക്ക് സമാന്തരമായി സെക്ഷനോഫീസുകളിലെ ജീവനക്കാരും അനേർട്, ഇ എം സി, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് , മറ്റ് പൊതുജനങ്ങൾ, വിദ്യാർഥികൾ ഇവരെ പങ്കെടുപ്പിച്ച് ബൈക്ക് റാലി, റോഡ് ഷോ, തെരുവ് നാടകം ഇവ നടത്തുകയും ഡിവിഷൻ/ സർക്കിൾ തലത്തിൽ സൈക്കിൾ റാലിയോടൊപ്പം വൈകുന്നേരം ചേരുകയും ടി സ്ഥലത്ത് ജനപ്രതിനിധികൾ / സെലിബ്രേറ്റികൾ എന്നിവരെ പങ്കെടുപ്പിച്ച് സേഫ്റ്റി സന്ദേശം ജനസമക്ഷം നൽകുന്ന പൊതുയോഗം നടത്തി ഓരോ ജില്ലയിലേയും സമാപനം നടത്തുകയും ചെയ്യണം.

സൈക്കിൾ റാലിയും റാലിയോടൊപ്പം അനുഗമിക്കുന്ന എൽ ഇ ഡി സ്ക്രീൻ എക്സിബിഷനും നടത്തുവാനുള്ള എസ്റ്റിമേറ്റ് ഇതോടൊപ്പം ഉള്ളടക്കം ചെയ്തിരിക്കുന്നു. കെ എസ് ഇ ബി ലിമിറ്റഡിന്റെ ഭാഗത്തുള്ള ഏകദേശചിലവ് 3,65,000 രൂപയായാണ് കണക്കാക്കിയിട്ടുള്ളത്.

ചീഫ് സേഫ്റ്റി കമ്മീഷണറുടെ കുറിപ്പിന്റെ അടിസ്ഥാനത്തിൽ ബോർഡ് താഴെപ്പറയും പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

1. സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായി സംയുക്തമായി "എല്ലാവർക്കും സുരക്ഷിതമായ വൈദ്യുതി' എന്ന സന്ദേശം ജനങ്ങളിലെത്തിക്കാനായി വിപുലമായ പൊതുജനബോധവൽക്കരണപരിപാടി മുകളിൽ വിശദീകരിച്ചതുപോലെ സംയുക്തമായിസംഘടിപ്പിക്കുക.

2. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലയിലും പര്യടനം നടത്തുന്ന നിലയിൽ പൈലറ്റ് വാഹനത്തോടൊപ്പം സൈക്കിൾ റാലിയും എൽ ഇ ഡി സ്ക്രീൻ ഉപയോഗിച്ചുള്ള സുരക്ഷ ഹ്രസ്വ ചിത്ര പ്രദർശനവും നടത്തുക.

3. സൈക്കിൾ റാലിയിൽ പങ്കെടുക്കുന്നവർക്ക് ഈ ദിവസ്സങ്ങളിൽ ഭക്ഷണവും കെ എസ് ഇ ബി ഐ.ബി കളിൽ സൗജന്യ താമസവും ഐ. ബി ഇല്ലാത്ത സ്ഥലങ്ങളിൽ മറ്റ് താമസ സൗകര്യവും നൽകുക.

4. പൈലറ്റ് വാഹനമായി വി എം സി യിൽ ലഭ്യമായ ബൊലേറോ ജീപ്പ് ഉപയോഗിക്കാവുന്നതാണ് .

5. അനുബന്ധം -1 പ്രകാരം കെ എസ് ഇ ബി ലിമിറ്റഡിന്റെ ഭാഗത്തുള്ള ഏകദേശ ചിലവായ 3,65,000 രൂപ അംഗീകരിക്കുന്നു.

ഉള്ളടക്കം: അനുബന്ധം - 1

ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ
ഉത്തരവിൻ പ്രകാരം

ഒപ്പ്/-

സെക്രട്ടറി (ഭരണം)

പകർപ്പ്: ചെയർമാൻ & മാനേജിംഗ് ഡയറക്ടറുടെ ടി.എ/ ഡയറക്ടർ (ഡി & ഐ റ്റി) യുടെ ടി.എ/ ഡയറക്ടർ (സേഫ്റ്റി) യുടെ ടി.എ/ എല്ലാ വിതരണ വിഭാഗം ചീഫ് എഞ്ചിനീയർമാർക്കും/ സി. എ ടു സെക്രട്ടറി (ഭരണം) / ലൈബ്രറി/ സ്റ്റോക്ക് ഫയൽ/ ഫെയർ കോപ്പി സെക്ഷൻ

ഉത്തരവിൻ പ്രകാരം

അസിസ്റ്റന്റ് എഞ്ചിനീയർ (സേഫ്റ്റി)

PROPOSED ESTIMATE FOR CONDUCTING CYCLE RALLY

Sl. No.	Item description	Expenses borne by	Amount	Amount to be borne by KSEB Ltd
1	Rent for cycles and Cyclist's helmets	EMC	1,00,000	
2	Mobile exhibition using LED Screen Vehicle for 16 days	Shared equally by ANERT, KSEB and EI	2,10,000	70,000
3	Food and Accomodation for Cyclists (15 Nos for 15 days) 750 X 15X15	KSEB Ltd	1,68,500	168500
4	Uniform for cyclists	EI	1,00,000	
5	Decoration of pilot vehicle and LED display vehicle	KSEB Ltd	10,000	10,000
6	Sound system with Generator and recorded audio for Pilot vehicle (Rs. 5000 X 16)	KSEB Ltd	80,000	80,000
7	Safety Leaflets, Safety booklets and other documents	EI	50,000	
8	Momento, Certificate and Honorarium for cyclists (Rs. 3000 X 12)	KSEB Ltd	36,000	36,000
	TOTAL AMOUNT			**364,500**

Rupees 3 Lakhs 65 Thousand Approximate

CHIEF SAFETY COMMISSIONER
KSE Board Ltd., Vydyuthi Bhavanam
Pattom.P.O., Thiruvananthapuram - 695 004